**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഹോണറേറിയത്തിന്റെ കുടിശ്ശിക തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നതിനുള്ള അനുമതി -ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (കൈ) നം.**47/ 2019/ തസ്വഭവ.** തീയതി, തിരുവനന്തപുരം, **07/ 05/ 2019.**

പരാമർശം:- 1 29.11.2018 ലെ സ.ഉ(സാധാ)നം.9858/ 2018/ ധന

2 03.04.2019 ലെ സ.ഉ(സാധാ)നം.2772/ 2019/ ധന

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019 ലെ 3.2-ാം നമ്പർ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

അംഗനവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഹോണറേറിയത്തിന്റെ കുടിശ്ശിക വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരമുള്ള കുടിശ്ശിക തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതിനാൽ കുടിശ്ശിക തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം(3) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംഗൻവാടി ജീവനക്കാർക്ക് നൽകേണ്ട ഹോണറേറിയത്തിന്റെ കുടിശ്ശിക തുക വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പുറമേ തനത് ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെ ബ്സൈ റ്റിൽപ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Ramya MS

സെക്ഷൻ ഓഫീസർ